പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3388.

22.08.2017 - ൽ
മറുപടിയ്ക്ക്

## പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ നേരിട്ട് സബ് ഇൻസ്പെക്ടർ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) 19-പോലീസ് ജില്ലകളിൽ ഒരു ജില്ലയിലും പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ നേരിട്ട് സബ് ഇൻസ്പെക്ടർ നിയമനം ലഭിച്ച ഉദ്യോഗസ്ഥരാരും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പോലീസ് വകുപ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ പി.എസ്.സി വഴി നേരിട്ട് നിയമനം ലഭിച്ചവരാരും നിലവിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്യുന്നില്ല. എന്നാൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നേരിട്ട് നിയമനം ലഭിക്കുന്നതിനായി 4 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുകയും ഇതിൽ നിന്ന് ഒരു നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥിക്ക് 01.03.2017 മുതൽ കേരള പോലീസ് അക്കാദമിയിൽ ട്രെയിനിംഗ് നടന്നു വരികയുമാണ്. ബാക്കി 3 ഒഴിവുകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനായി സ്പെഷ്യൽ റൂളിലെ പുതുക്കിയ വ്യവസ്ഥകൾക്ക് വിധേയമായി കാറ്റഗറി നമ്പർ 13/2016 പ്രകാരം പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒരു കേസ്സ് നിലവിലുള്ളതിനാൽ ബഹു. കോടതിയുടെ അന്തിമ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടി തസ്തികയ്ക്കായി തുടർ തിരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ. |
| (ബി) നിലവിൽ സബ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്ത 12 പോലീസ് ജില്ലകളിൽ അടിയന്തിരമായി അവ സൃഷ്ടിച്ച് നിയമനം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ? | (ബി) | മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ, മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (മോട്ടോർ ട്രാൻസ്പോർട്ട്) എന്നീ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ